**പതിമൂന്നാം കേരള നിയമസഭ**

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)

## എട്ടാമത് റിപ്പോർട്ട്

(2015 ജൂലൈ 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സമിതി (2001-04)യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള (തീപ്പൊള്ളലേറ്റ യുവതിയെ കോഴിക്കോട് മെഡിക്കൽ കോളേജിലെ കുളിമുറിയിൽവച്ച് പീഡിപ്പിച്ചത് സംബന്ധിച്ച റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-16)

## എട്ടാമത് റിപ്പോർട്ട്

(2015 ജൂലൈ 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സമിതി (2001-04)യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള (തീപ്പൊള്ളലേറ്റ യുവതിയെ കോഴിക്കോട് മെഡിക്കൽ കോളേജിലെ കുളിമുറിയിൽവച്ച് പീഡിപ്പിച്ചത് സംബന്ധിച്ച റിപ്പോർട്ട്)**

**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

951/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ഡോ. എൻ. ജയരാജ്

അംഗങ്ങൾ :

ശ്രീമതി ഇ. എസ് . ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ് . സലീഖ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി

ശ്രീ. സന്തോഷ്കുമാർ, ആർ. എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരുന്ന യുവതിയെ ആശുപത്രി ജീവനക്കാരൻ പീഡിപ്പിച്ചത് സംബന്ധിച്ച പത്രവാർത്തയെ തുടർന്ന് നടത്തിയ അന്വേഷണത്തിന്റെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2001-04)യുടെ നാലാമത് റിപ്പോർട്ട് 5-2-2004-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2015 ജൂലൈ 23-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. എൻ. ജയരാജ്,
*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി*

തിരുവനന്തപുരം,
2015 ജൂലൈ 27.

# റിപ്പോർട്ട്

തീപ്പൊള്ളലേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന വയനാട് സ്വദേശിനിയായ യുവതിയെ ആശുപത്രിയിലെ കുളിമുറിയിൽവച്ച് ക്രൂരമായി ലൈംഗിക പീഡനത്തിനിരയാക്കിയ സംഭവം സംബന്ധിച്ച് 23-7-2002-ലെ മലയാള ദിനപ്പത്രങ്ങളിൽവന്ന വാർത്ത ഹർജിയായി സ്വീകരിച്ച് നടത്തിയ അന്വേഷണങ്ങളുടെയും സർക്കാർ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2001-2004) തയ്യാറാക്കിയ നാലാമത് റിപ്പോർട്ട് (തീപ്പൊള്ളലേറ്റ യുവതിയെ കോഴിക്കോട് മെഡിക്കൽ കോളേജിലെ കുളിമുറിയിൽവച്ച് പീഡിപ്പിച്ചത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2004 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ ആറ് ശിപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്. ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുന്നതിനായി റിപ്പോർട്ടിന്റെ (പ്രിന്റ് ചെയ്ത) പകർപ്പ് 17-5-2004-ൽ ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു. ആഭ്യന്തര വകുപ്പിന്റെ കത്ത് പ്രകാരം ഖണ്ഡിക 20, 24, 27 എന്നിവയിന്മേൽ മറുപടി ലഭ്യമാക്കേണ്ടത് ആരോഗ്യ കുടുംബക്ഷേമ വകുപ്പാണെന്നും 21, 22, 25 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ താമസംവിനാ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിരുന്നു. തുടർന്ന് 26-5-2005-ലെ കത്ത് പ്രകാരം ആഭ്യന്തര വകുപ്പ് നിശ്ചിത മാതൃകയിലല്ലാതെ മറുപടി ലഭ്യമാക്കി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ സമിതിയുടെ 31-5-2005-ലെ കോഴിക്കോട് ജില്ലയിൽവെച്ചുള്ള തെളിവെടുപ്പ് യോഗത്തിൽ ടി വിഷയം ഉൾപ്പെടുത്തുകയും റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. റിപ്പോർട്ട് ലഭ്യമാക്കാൻ നിരന്തരം ആവശ്യപ്പെട്ടതിന്റെ ഫലമായി ഏകദേശം മൂന്ന് വർഷങ്ങൾക്കുശേഷം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 29-1-2009-ൽ നിശ്ചിത മാതൃകയിലല്ലാത്തതും റിപ്പോർട്ടിലെ ഖണ്ഡിക 24-ലെ ശിപാർശയിന്മേലുള്ള വ്യക്തമായ മറുപടി ഉൾപ്പെടാത്തതുമായ ഒരു റിപ്പോർട്ട് ലഭ്യമാക്കി. ആഭ്യന്തരം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മേൽ റിപ്പോർട്ടുകൾ 29-8-2013-ൽ പരിഗണിച്ച സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുന്നതിനും റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തതിനുള്ള കാരണംസഹിതം പ്രസ്തുത ശിപാർശയുള്ള നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുന്നതിനും നിർദ്ദേശിച്ചു. തുടർന്ന്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരിൽനിന്ന് 14-5-2014-ൽ സമിതി തെളിവെടുപ്പ് നടത്തി. തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥരുടെ വിശദീകരണത്തെത്തുടർന്ന് വിഷയം സംബന്ധിച്ച വിശദമായ അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

തുടർന്ന് 20-8-2014-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്ന് ലഭ്യമാക്കിയ 24-ാം ഖണ്ഡികയിന്മേലുള്ള റിപ്പോർട്ട് 30-12-2014-ൽ പരിഗണിച്ച സമിതി നഴ്സിംഗ് അസിസ്റ്റന്റിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ നാളിതുവരെ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ആയതിന്മേൽ സർക്കാർ സ്വീകരിച്ച തുടർ നടപടികളും ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1 | ശിപാർശ (ഖണ്ഡിക 20)<br>മെഡിക്കൽ കോളേജിലെ സ്ത്രീ വാർഡുകളിൽ സാധാരണയായി പുരുഷന്മാർക്ക് പ്രവേശനം അനുവദിക്കാറില്ല. ബന്ധുക്കളായ പുരുഷന്മാർക്ക് സന്ദർശന സമയത്ത് മാത്രമേ പ്രവേശനം അനുവദിക്കാറുള്ളൂ. അങ്ങനെയുള്ളപ്പോൾ അറുപത് ശതമാനത്തിലേറെ പൊള്ളലേറ്റ്, അവശയായ യുവതിയെ കുളിപ്പിക്കാൻ ഒരു പുരുഷനെ നിയോഗിച്ച സംഭവം സമിതിക്ക് ഞെട്ടലുളവാക്കി. ഇതേക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതുപോലെ വാർഡുകളിലുള്ള ജനക്കൂട്ടത്തെ നിയന്ത്രിക്കാനും ജീവനക്കാരെ തിരിച്ചറിയാനുമുള്ള സംവിധാനം ഏർപ്പെടുത്താനും നടപടി | **ആരോഗ്യ കുടുംബക്ഷേമ (ബി)വകുപ്പ്, കത്ത് നമ്പർ 50823/ബി3/07/ആകുവ. തീയതി 29-1-2009.**<br>കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സന്ദർശകർക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസ്ഥകൾക്ക് വിധേയമായി പ്രവേശനാനുമതി പാസ്സ്മൂലം നിയന്ത്രിച്ചുവരുന്നു. ഇപ്രകാരം നിശ്ചിത സമയം മാത്രം ആശുപത്രിയിൽ രോഗികളെ സന്ദർശിക്കാൻ അനുമതി നൽകിവരുന്നു.<br>വനിതാ വാർഡുകളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ എല്ലാ വനിതാ വാർഡുകളിലും "കൊളാപ്സിബിൾ ഗേറ്റ് " സ്ഥാപിക്കുകയും തിരക്കുള്ള സമയങ്ങളിൽ സെക്യൂരിറ്റി സംവിധാനം |

| | | |
|---|---|---|
| | സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ആശുപത്രിയിലും പരിസര പ്രദേശങ്ങളിലും സുരക്ഷാ സംവിധാനം കർശനമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. | ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിൽ ജോലിനോക്കുന്ന എല്ലാ ജീവനക്കാർക്കും ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. അസമയങ്ങളിൽ വനിതാ വാർഡുകളിൽ പ്രവേശിക്കാൻ പുറത്തുള്ളവരെ അനുവദിക്കാറില്ല. അനധികൃതമായി പ്രവേശിച്ചാൽ അവരെ കയ്യോടെ പിടികൂടി പുറത്താക്കുവാൻ സുരക്ഷാ ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ ജീവനക്കാർ ഇത്തരത്തിലുള്ള ജോലി നിറവേറ്റുന്നത് വാർഡിലെ ഹെഡ് നഴ്സിന്റെയോ സ്റ്റാഫ് നഴ്സിന്റെയോ നിർദ്ദേശാനുസരണമോ അല്ലെങ്കിൽ അവരുടെ സാന്നിദ്ധ്യത്തിലോ ആണ്. സ്ത്രീകൾ മാത്രമുള്ള വാർഡുകളിൽ അവരെ ശുശ്രൂഷിക്കുന്നതിന് യാതൊരു കാരണവശാലും പുരുഷന്മാരായ കൂട്ടിരിപ്പുകാരെ അനുവദിക്കാറില്ല. എന്നാൽ രോഗിയുടെ രോഗത്തിന്റെ കാഠിന്യം കണക്കാക്കി വ്യവസ്ഥകൾക്കു വിധേയമായി അടുത്ത ബന്ധുക്കളായ പുരുഷന്മാർക്ക് ഡി.ഐ.എൽ. പാസ് നൽകി വാർഡിന്റെ പുറത്ത് നിൽക്കാൻ അനുവാദം നൽകാറുണ്ട്. ഇവർ കർശനമായ സുരക്ഷാ നിരീക്ഷണത്തിൽ ആയിരിക്കുകയും ചെയ്യും.<br>(സമിതി 29-8-2013-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.) |

| | | |
|---|---|---|
| 2 | ശിപാർശ (ഖണ്ഡിക 21)<br>അറസ്റ്റ് ചെയ്ത പ്രതിയെ കോടതി ഉത്തരവ് പ്രകാരം റിമാന്റ് ചെയ്യുകയും തുടർന്ന് ചികിൽസയ്ക്കായി ജില്ലാ ആശുപത്രിയിൽ നിന്നും മെഡിക്കൽ കോളേജിലേക്ക് മാറ്റുകയും ചെയ്തതായി ഗവൺമെന്റ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. പ്രതിയെ ഏതു രോഗത്തിന്റെ ചികിത്സയ്ക്കായിട്ടാണ് മെഡിക്കൽ കോളേജിലേക്ക് മാറ്റിയതെന്നും അവിടെ തന്നെ ചികിൽസ്സ കൊണ്ടു പോകാനുള്ള കാരണമെന്താണെന്നും അടിയന്തരമായി അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രതിയെ കൃത്യം നടന്ന ആശുപത്രിയിലേക്ക് തന്നെ മാറ്റിയതിനു പിന്നിൽ ദുരൂഹതയുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. | **ആഭ്യന്തര (ജെ) വകുപ്പ്, (കത്ത് നമ്പർ 13930/ജെ1/04/ആഭ്യ. തീയതി 26-5-2005)**<br>റിമാന്റ് ചെയ്ത പ്രതിയെ 17-7-2002-ൽ കോഴിക്കോട് ജില്ലാ ജയിലിൽ നിന്നും ജയിലധികൃതർ കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്കായി ഹാജരാക്കിയിട്ടുള്ളതായും അന്നേ ദിവസം തന്നെ പ്രതിയെ ഒ.പി. 26756 നമ്പർ ആയി ബ്ലണ്ട് ഇഞ്ച്വറി അബ്ഡമൻ എന്ന് ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്തതായും തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐ.പി. 38005 നമ്പരായി 17-7-2002 തീയതി മുതൽ 7-8-2002 തീയതി വരെ ചികിത്സ നടത്തിയിട്ടുള്ളതും ചികിത്സാ രേഖകൾ പരിശോധിച്ചതിൽ "അലിജഡ് അസ്വാൾട്ട് ബൈ എ ഗ്രൂപ്പ് ഓഫ് പീപ്പിൾ അറ്റ് ഡിസ്ട്രിക്ട് ജയിൽ, കോഴിക്കോട് ടു 12 നൂൺ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും ആയതിന് ചികിത്സ നടത്തിയിട്ടുള്ളതായും മനസ്സിലാകുന്നുണ്ട്. കൂടാതെ പ്രതിയെ 9-8-2002 തീയതി വീണ്ടും ജില്ലാ ജയിലിൽ നിന്നും കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിലേക്ക് ചികിത്സയ്ക്ക് കൊണ്ടു പോയിട്ടുള്ളതായും 9-8-2002 തീയതി മുതൽ 11-8-2002 തീയതി വരെ |

| | | |
|---|---|---|
| | | ചികിത്സിച്ചിട്ടുള്ളതായും കാണുന്നു. ടി ചികിത്സാ രേഖകൾ പരിശോധിച്ചതിൽ പ്രൊലാപ്സ് റെക്ടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും ആയതിന് ചികിത്സ നടത്തിയിട്ടുള്ളതായും മനസ്സിലാകുന്നുണ്ട്. പ്രതിയെ കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ നിന്നും മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്തത് വിദഗ്ദ്ധ ചികിത്സയ്ക്കുവേണ്ടിയും വിപുലമായ സജ്ജീകരണങ്ങൾ അവിടെയുള്ളതിനാലും മാത്രമാണെന്നും ആയതിൽ ദുരൂഹതയില്ലെന്നും മനസ്സിലാകുന്നുവെന്നും കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തു.<br>(സമിതി 29-8-2013-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.) |
| 3 | ശിപാർശ (ഖണ്ഡിക 22)<br>പ്രതി സുബ്രഹ്മണ്യനെതിരെ ആൾമാറാട്ട ശ്രമത്തിന് ഐ.പി.സി. 171-ാം വകുപ്പ് പ്രകാരം കേസ്സെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. മേലിൽ സർക്കാർ ആശുപത്രികളിൽ ഇത്തരം ആൾമാറാട്ട ശ്രമങ്ങൾ ഉണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | **ആഭ്യന്തര (ജെ) വകുപ്പ്, (കത്ത് നമ്പർ 13930/ജെ1/04/ആഭ്യ. തീയതി 26-5-2005)**<br>സെക്ഷൻ 171 ഐ.പി.സി. കൂട്ടിച്ചേർത്ത് ബഹു. കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. കൂടാതെ മേലിൽ ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ഉത്തരവു പ്രകാരം ആശുപത്രിയിലെ എല്ലാ ജീവനക്കാർക്കും പദവിക്കനുസരിച്ച് യൂണിഫോം കർശനമാക്കിയിട്ടുള്ളതായും |

| | | |
|---|---|---|
| | | പേര്, വീട്ടുപേര്, ബ്ലഡ് ഗ്രൂപ്പ്, കോഡ് നമ്പർ എന്നിവ അടങ്ങുന്ന ഫോട്ടോ ഒട്ടിച്ച ലാമിനേറ്റ് ചെയ്ത ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തിട്ടുള്ള തായും എല്ലാ വാർഡുകളിലും 2002 മുതൽ ഒരു രോഗിയുടെ കൂടെ ഒരാൾ മാത്രം എന്ന് പ്ലാസ്റ്റിക് ഷീറ്റിൽ ഫ്രെയിം ചെയ്ത ബോർഡുകൾ ചുമരിൽ പതിച്ചതായും വാർഡുകളിലും ഒ.പി. കളിലും പാസ്സില്ലാത്തവർക്ക് പ്രവേശനം നൽകാതിരിക്കാൻ സെക്യൂരിറ്റിക്കാർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ള തായും മേൽ കാര്യങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടപ്പിൽ വരുത്തിയതായും അറിവായിട്ടുള്ളതാണ്.<br>(സമിതി 27-8-2014-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കുകയും അംഗീക രിക്കുകയും ചെയ്തു.) |
| 4 | ശിപാർശ (ഖണ്ഡിക 24)<br>മേട്രിയെ ഒരു പുരുഷൻ കുളിപ്പിക്കാനിട യായ സംഭവത്തിൽ ആ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ പങ്കിനെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ യുവതിയെ ഏതെല്ലാം തീയതികളിൽ കുളിപ്പിക്കുന്നതിനും ശരീരം വൃത്തിയാ ക്കുന്നതിനും ഡോക്ടർ നിർദ്ദേശിച്ചിരുന്നു | **ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്, (കത്ത് നമ്പർ 50823/ ബി3/07/ആകവ. തീയതി 29-1-2009).**<br>"ചികിത്സയിലായിരുന്ന യുവതിയെ പീഡിപ്പിച്ചു എന്നുള്ള സംഭവം ആശുപത്രി അധികൃതരുടെ ശ്രദ്ധയിൽപ്പെട്ട മാത്ര യിൽ തന്നെ ആ വിവരം പോലീസ് അധികൃതർക്ക് കൈമാറുകയും നിയമ നടപടികൾക്കു ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സ്വീകരിച്ച കർശനമായ ഇടപെടലും സത്വര നടപടി കളുമാണ് പ്രതിയെ കണ്ടെത്തുവാനും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും |

| | |
|---|---|
| വെന്നുമുള്ള വിവരം അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശി ക്കുന്നു. വാർഡിന്റെ ചുമതലയുള്ള നഴ്സ്, രോഗിയെ ആശുപത്രി സ്റ്റാഫ് അല്ലാത്ത ഒരാൾ കുളിപ്പിക്കുന്ന വിവരം അറിഞ്ഞി ട്ടില്ല എങ്കിൽ ആ ഉദ്യോഗസ്ഥയുടെ കൃത്യനിർവ്വഹണത്തിലുള്ള വീഴ്ചയെന്നാണ് സൂചിപ്പിക്കുന്നത്. മേഴ്സിക്ക് ബ്ലീഡിംഗ് ഉള്ളതായി നഴ്സിനെ അറിയിച്ചിട്ടും, ആ വിവരം കേസ് ഷീറ്റിൽ രേഖപ്പെടുത്തു കയോ മേലധികാരികളെ അറിയിക്കു കയോ ചെയ്യാത്തത് അക്ഷന്തവ്യമായ വീഴ്ചയാണ്. ആയതിനാൽ പ്രസ്തുത നഴ്സിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അടിയന്തരമായി അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | സാധിച്ചത്. പ്രതിക്ക് സഹായകരമായ യാതൊരു നിലപാടും അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല.<br><br>അനാരോഗ്യകരമായ ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാവാൻ പാടില്ലെന്നുള്ള നിശ്ചയദാർഢ്യത്തിന്റെ ഫലമാണ് അന്ന് വാർഡിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് എന്നിവർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിച്ചത്. ആശുപത്രി ജീവനക്കാർ അല്ലാത്തവർ ആരെങ്കിലും യൂണിഫോം ധാരികളായി വരാനുള്ള സാദ്ധ്യതകൂടി കണക്കി ലെടുത്ത് അത് തടയുന്നതിനും കർശനമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവശരായ രോഗികളെ ശുശ്രൂഷിക്കുവാൻ ജീവനക്കാർക്ക് മാത്രമേ അനുവാദമുള്ളൂ".<br><br>സമിതി 29-8-2013-ലെ യോഗത്തിൽ ഈ റിപ്പോർട്ട് പരിഗണിക്കുകയും നഴ്സിംഗ് അസിസ്റ്റന്റിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് നിർദ്ദേശി ക്കുകയും ചെയ്തു.<br><br>തുടർന്ന് സമിതിയുടെ 14-5-2014-ലെ ടി വകുപ്പുമായുള്ള തെളിവെടുപ്പ് യോഗത്തിൽ സ്ത്രീകളുടെ വാർഡിൽ പ്രത്യേക കൊളാപ്സിബിൾ ഗേറ്റ് സ്ഥാപിക്കുകയും പ്രവേശനം നിയന്ത്രിക്കുകയും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും |

| | | |
|---|---|---|
| | | ചെയ്തിട്ടുണ്ടെന്നും ഐഡന്റിറ്റി കാർഡുള്ള വനിതാ ജീവനക്കാരെ മാത്രമേ വനിതാ വാർഡുകളിൽ നിയമിക്കുന്നുള്ളുവെന്നും ജീവനക്കാരുടെ ഓരോരുത്തരുടെയും ജോലി നിർവ്വചിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുകയാണെന്നും പരാതിക്കാസ്പദമായ സംഭവം നടന്ന ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന നഴ്സിനെയും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആളെയും പിരിച്ചുവിടുകയും കേസ് പോലീസിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.<br><br>തുടർന്ന് ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടു.<br><br>ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 20-8-2014-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ് :<br><br>"കോഴിക്കോട് മെഡിക്കൽ കോളേജിൽ പൊള്ളലേറ്റ് ചികിത്സയിലായിരുന്ന യുവതിയെ പീഡിപ്പിച്ചതിനോടനുബന്ധിച്ച് ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ, പ്രത്യേകിച്ച് വനിതാ രോഗികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിലേക്കായി ആശുപത്രിയിലേക്കുള്ള സന്ദർശകരെ കർശനമായി |

| | | |
|---|---|---|
| | | നിയന്ത്രിച്ചിട്ടുണ്ട്. പാസ്സ് ഉള്ളവർക്ക് മാത്രമേ വ്യവസ്ഥകൾക്ക് വിധേയമായി ആശുപത്രിക്കകത്ത് പ്രവേശിക്കുവാൻ അനുവാദമുള്ളൂ. ഇങ്ങനെ സന്ദർശനത്തിന് എത്തുന്നവരെ നിശ്ചിത സമയം മാത്രമേ ആശുപത്രിക്കകത്ത് തങ്ങാൻ അനുവദിക്കുകയുള്ളൂ.<br><br>വനിതാ വാർഡുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി എല്ലാ വനിതാ വാർഡുകളിലും കൊളാപ്സിബിൾ ഗേറ്റ് സ്ഥാപിക്കുകയും തിരക്കുള്ള സമയങ്ങളിൽ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ ആശുപത്രികളിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാർക്കും ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. വനിതാ വാർഡുകളിൽ അസമയങ്ങളിൽ പ്രവേശിക്കുവാൻ പുറത്തുള്ളവർക്ക് യാതൊരു അനുവാദവും നൽകാറില്ല. അനധികൃതമായി ആരെങ്കിലും പ്രവേശിക്കുവാൻ ശ്രമിച്ചാൽ അവരെ കൈയോടെ പിടികൂടി പുറത്തേക്കു നീക്കുവാൻ സുരക്ഷാ ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ രോഗികളെ ശുശ്രൂഷിക്കുന്നതിനും പരിപാലിക്കുന്നതിനും കീഴ്ജീവനക്കാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. വനിതാ ജീവനക്കാർ ഇത്തരത്തിലുള്ള ജോലി നിറവേറ്റുന്നത് വാർഡിലെ ഹെഡ് നഴ്സിന്റെയോ സ്റ്റാഫ് നഴ്സിന്റെയോ സാന്നിദ്ധ്യത്തിലായിരിക്കും. |

| | | |
|---|---|---|
| | | സ്ത്രീകൾ മാത്രമുള്ള വാർഡുകളിൽ അവരെ ശുശ്രൂഷിക്കുന്നതിനും മറ്റും ഒരു കാരണവശാലും പുരുഷന്മാരായ ജീവനക്കാരെ അനുവദിക്കാറില്ല. എന്നാൽ അടുത്ത ബന്ധുക്കളായ പുരുഷന്മാരെ രോഗികളുടെ രോഗത്തിന്റെ കാഠിന്യം കണക്കാക്കി വ്യവസ്ഥകൾക്ക് വിധേയമായി ഡി.ഐ.എൽ. പാസ്സ് നൽകി വാർഡിന്റെ പുറത്ത് നിൽക്കാൻ അനുവദിക്കാറുണ്ട്. ഇവരും കർശനമായ സുരക്ഷാ നിരീക്ഷണത്തിൽ മാത്രമേ നിൽക്കുവാൻ പാടുള്ളൂ.<br><br>പൊള്ളലേറ്റ യുവതിയെ പീഡിപ്പിച്ച എന്നുള്ള സംഭവം ആശുപത്രി അധികൃതരുടെ ശ്രദ്ധയിൽവന്ന ക്ഷണം ഇത് പോലീസ് അധികൃതർക്ക് കൈമാറുകയും നിയമനടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1510 ബെഡ് സ്ട്രെംഗ്ത്തുള്ള ആശുപത്രിയിൽ 2000-ൽപ്പരം രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സ നടത്താറുണ്ട്. കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. അനുവദിക്കപ്പെട്ട തസ്തികകളിൽ പലപ്പോഴും ആവശ്യത്തിന് ജീവനക്കാർ ഉണ്ടാവാറില്ല. ഇത് പലപ്പോഴും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കാറുണ്ട്. വളരെ അവശനിലയിൽ കിടക്കുന്ന രോഗികൾക്ക് ചിലപ്പോൾ ഒന്നിൽ കൂടുതൽ ആളുകളുടെ സേവനം ആവശ്യമായി വരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ |

| | | |
|---|---|---|
| | | രോഗികളുടെ അടുത്ത ബന്ധുക്കളെ ചുമതലപ്പെടുത്താറുണ്ട്. യൂണിഫോമും സൂപ്രണ്ട് ഒപ്പിട്ടു നൽകിയ ഐഡന്റിറ്റി കാർഡും ധരിക്കാതെ ഒരു ജീവനക്കാരനും ആശുപത്രിക്കകത്ത് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ചികിത്സയിൽ കഴിയുന്ന വനിതകൾക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുനൽകുന്നതിന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പൊള്ളലേറ്റ യുവതിയെ പീഡിപ്പിച്ചു എന്നുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സ്വീകരിച്ച കർശനമായ ഇടപെടൽമൂലമാണ് പ്രതിയെ കണ്ടെത്തുവാനും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാനും സാധിച്ചിട്ടുള്ളത്. പ്രതിക്ക് സഹായകമായ യാതൊരു നിലപാടും സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലുള്ള അനാരോഗ്യകരമായ സംഭവങ്ങൾ മേലിൽ ഉണ്ടാവാൻ പാടില്ല എന്ന നിശ്ചയദാർഢ്യത്തിന്റെ ഫലമായാണ് അന്ന് വാർഡിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് എന്നിവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചത്. ആശുപത്രി ജീവനക്കാർ അല്ലാത്തവർ ആരെങ്കിലും യൂണിഫോം ധാരികളായിവരാനുള്ള സാദ്ധ്യതയെ കർശനമായി തടയുന്നതിനും സുരക്ഷാ സംവിധാനം ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അവശരായ രോഗികളെ ശുശ്രൂഷിക്കുവാൻ ജീവനക്കാർക്ക് മാത്രമേ അനുവാദമുള്ളൂ. |

| | | |
|---|---|---|
| | | അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന സ്റ്റാഫ് നഴ്സ് വി. വി. രാഖിയെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. നഴ്സിംഗ് അസിസ്റ്റന്റിനെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്." പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 30-12-2014-ലെ യോഗത്തിൽ പരിഗണിക്കുകയും സംഭവവുമായി ബന്ധപ്പെട്ട നഴ്സിംഗ് അസിസ്റ്റന്റിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ഈ തീരുമാനം 16-2-2015-ൽ വകുപ്പിനെ അറിയിക്കുകയും ചെയ്തു. എന്നാൽ റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. |
| 5 | ശിപാർശ (ഖണ്ഡിക 25) സമൂഹ മനഃസാക്ഷിയെ നടുക്കിയ അതിക്രൂരമായ ഈ സംഭവത്തിൽ പ്രതിയായ സുബ്രഹ്മണ്യനെതിരെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് എത്രയും പെട്ടെന്ന് അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ രാസപരിശോധനാ റിപ്പോർട്ട് ലഭ്യമാക്കണമെന്നും കേസ്സിന്മേൽ വിധി വന്നാലുടൻ ആ വിവരം അറിയിക്കണമെന്നും വിധിയുടെ പകർപ്പ് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തര (ജെ) വകുപ്പ്, (കത്ത് നമ്പർ 13930/ജെ1/04/ആഭ്യ. തീയതി 26-5-2005)** കേസ്സ് സെക്ഷൻ 376, 377, 364, 171 ഐ.പി.സി. പ്രകാരം ബഹു. കോടതി മുൻപാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും സിപി 32/02 നമ്പർ ആയി ബഹു. കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ കേസ്സ് വിധി ആയിട്ടില്ലാത്തതും വിധി ആകുന്ന മുറയ്ക്ക് സമിതി മുൻപാകെ ഹാജരാക്കാൻ സാധിക്കുന്നതുമാണ്. രാസപരിശോധനാ റിപ്പോർട്ട് താമസംവിനാ ഹാജരാക്കുന്നതാണെന്നറിയിക്കുന്നു. |

| | | |
|---|---|---|
| | | (സമിതി 27-8-2014-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.) |
| 6 | ശിപാർശ (ഖണ്ഡിക 27)<br>പാവപ്പെട്ടവന് അർഹമായ ചികിൽസ ഇന്നും അന്യമാണ്. ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ മേലിലെങ്കിലും ഒഴിവാക്കാനാവശ്യമായ സാഹചര്യങ്ങളും സൗകര്യങ്ങളും ഉറപ്പാക്കുന്നതോടൊപ്പം രോഗികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകാത്ത ആശുപത്രി ജീവനക്കാർക്കെതിരെ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ശക്തമായ നടപടികൾ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്, (കത്ത് നമ്പർ 50823/ ബി3/07/ആകുവ. തീയതി 29-1-2009)**<br><br>1510 ബെഡ് സ്ട്രെംഗ്ത് ഉള്ള ഈ ആശുപത്രിയിൽ 2000-ൽപ്പരം രോഗികളെ പ്രവേശിപ്പിച്ച് ചികിത്സ നടത്താറുണ്ട്. കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. അനുവദിക്കപ്പെട്ട തസ്തികകളിൽ പലപ്പോഴും ആവശ്യത്തിന് ജീവനക്കാർ ഉണ്ടാകാറില്ല എന്നത് പലപ്പോഴും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കാറുണ്ട്. വളരെ അവശനിലയിൽ കിടക്കുന്ന രോഗികൾക്ക് ചിലപ്പോൾ ഒന്നിൽ കൂടുതൽ ആളുകളുടെ സേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ രോഗികളുടെ അടുത്ത ബന്ധുക്കളെ കൂടി പ്രസ്തുത ചുമതല ഏൽപ്പിക്കാറുണ്ട്.<br><br>യൂണിഫോമും സൂപ്രണ്ട് ഒപ്പിട്ടു നൽകിയ ഐഡന്റിറ്റി കാർഡും ധരിക്കാതെ ഒരു ജീവനക്കാരനും ആശുപത്രിക്കകത്ത് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. ചികിത്സയിൽ കഴിയുന്ന വനിതകൾക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പു നൽകുന്നതിനു കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | | ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ, പ്രത്യേകിച്ചും വനിതാ രോഗികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുവാൻ ആശുപത്രി അധികൃതർ പ്രതിജ്ഞാബദ്ധരാണ്. അത് ഏറെക്കുറെ കൃത്യമായി നിർവ്വഹിക്കുന്നതിനും ജാഗരൂകരായി അവരവരുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും ആശുപത്രി അധികൃതർ സദാ സന്നദ്ധരാണ്.<br>(സമിതി 29-8-2013-ലെ യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.) |

2002-ൽ നടന്ന വളരെ ഗൗരവമേറിയ സംഭവത്തിൽ സമിതി സ്വമേധയാ ഇടപെട്ട് ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി 2004-ൽ സഭയിൽ റിപ്പോർട്ട് സമർപ്പിച്ച് ഏകദേശം 11 വർഷം കഴിഞ്ഞിട്ടും ഖണ്ഡിക 25-ലെ ശിപാർശ പ്രകാരമുള്ള കേസിന്റെ വിധി സംബന്ധിച്ച റിപ്പോർട്ടും രാസപരിശോധനാ റിപ്പോർട്ടും സമിതി ആവർത്തിച്ച് ആവശ്യപ്പെട്ട കുറ്റക്കാരനായ നഴ്സിംഗ് അസിസ്റ്റന്റിനെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുന്ന റിപ്പോർട്ടും ലഭ്യമാക്കാത്തത് സമിതി ഗൗരവമായി കാണുന്നു. ഇത്തരം അനാസ്ഥ ആവർത്തിക്കരുതെന്നും പ്രസ്തുത റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി കർശന നിർദ്ദേശം നൽകുന്നു.

ഡോ. എൻ. ജയരാജ്,

*അദ്ധ്യക്ഷൻ,*

*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2015 ജൂലൈ 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.